## അനുബന്ധം – 4

## 'കുടുംബശ്രീ ബാലസഭ – ശാസ്ത്രോത്സവം 2019'

### പോസ്റ്റർ, വീഡിയോ (ഹ്രസ്വ ചിത്രങ്ങൾ) നിർമ്മാണ മത്സരം

ആധുനിക ശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും സ്വാധീനം ചെലുത്തിയതുമായ മുന്നേറ്റങ്ങളിലൊന്നാണ് റഷ്യൻ രസതന്ത്രജ്ഞൻ ദിമിത്രി ഇവാനോവിച്ച് മെൻഡലീഫ് 1869ൽ കെമിസ്ട്രിയുടെ കാര്യത്തിൽ നടത്തിയ പീരിയോഡിക് ടേബിളിന്റെ കണ്ടെത്തൽ. രസതന്ത്രത്തിന്റെ മാത്രമല്ല, ഭൗതികശാസ്ത്രം, ജീവശാസ്ത്രം ഉൾപ്പടെ മറ്റ് ശാസ്ത്ര പഠനമേഖലകളുടെയും അന്തസത്ത പ്രതിഫലിപ്പിക്കുന്ന കണ്ടുപിടുത്തമാണിത്. ഈ പ്രാധാന്യം കണക്കിലെടുത്താണ്, 2017 ഡിസംബർ 20ന് നടന്ന യു.എൻ.പൊതുസഭയുടെ എഴുപത്തിരണ്ടാം സമ്മേളനം, 2019 പീരിയോഡിക് ടേബിളിന്റെ വർഷമായി ആചരിക്കാൻ തീരുമാനിച്ചത്. അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം ആയി ആചരിക്കുന്ന ഈ അവസരത്തിൽ ബാലസഭയിലെ കുട്ടികളിലും ശാസ്ത്ര ഗണിത വിഷയങ്ങളിൽ താൽപ്പര്യം ജനിപ്പിക്കുകയും, ശാസ്ത്ര അവബോധം വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ശാസ്ത്രോത്സവം എന്നത് കൊണ്ട് ലക്ഷ്യമിടുന്നത്.

ശാസ്ത്രോത്സവത്തിനായി പോസ്റ്ററുകളും വീഡിയോകളും നിർമ്മിച്ച് പരമാവധി പ്രചാരണം നടത്തുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ബാലസഭാ അംഗങ്ങൾക്കായി പോസ്റ്റർ നിർമ്മാണം, വീഡിയോ നിർമ്മാണം എന്നിവയിൽ മത്സരം നടത്തുന്നു.

പോസ്റ്റർ, വീഡിയോഎന്നിവ balasabhasm@gmail.com എന്ന ഇ- മെയിൽ വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്

വിദഗ്ധ ജൂറി തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച മൂന്നു പോസ്റ്റർ, വീഡിയോ എന്നിവക്ക് സംസ്ഥാനതല ശാസ്ത്രോത്സവം വേദിയിൽ സമ്മാനം നൽകുന്നതായിരിക്കും.

### നിയമാവലി

#### പോസ്റ്റർ നിർമ്മാണം

1. കുടുംബശ്രീ ബാലസഭയിലെ അംഗങ്ങൾ മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കാൻ പാടുള്ളു
2. മത്സരത്തിൽ പങ്കെടുക്കുന്ന ബാലസഭാ അംഗം ഏതു സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബാലസഭയിലെ അംഗമാണെന്ന്, അയക്കുന്ന മെയിലിന്റെ സബ്ജെക്ടിൽ താഴെ പറയും വിധം എഴുതേണ്ടതാണ്
   **പേര്, ഫോൺ നമ്പർ, ബാലസഭയുടെ പേര്, അഫിലിയേഷൻ നമ്പർ, സി.ഡി.എസ്സിന്റെ പേര്, ജില്ല**
3. പോസ്റ്ററുകൾ എ4 സൈസ് പേപ്പർ വലിപ്പത്തിലാണ് തയ്യാറാക്കേണ്ടത്. സ്കെച്ച് പേന ഉപയോഗിക്കുവാൻ പാടില്ല
4. എ4 സൈസ് പേപ്പർ വലിപ്പത്തിൽ കൂടുതലുള്ള പോസ്റ്ററുകൾ മത്സരത്തിനു പരിഗണിക്കുന്നതല്ല.
5. 2019 ഒക്ടോബർ 1 മുതൽ 15 വരെ എൻട്രികൾ അയയ്ക്കാം. ഒക്ടോബർ 15ന് വൈകുന്നേരം 5ന് ശേഷം കിട്ടുന്ന പോസ്റ്റർ, വീഡിയോ എന്നിവ മത്സരത്തിന് പരിഗണിക്കുന്നതല്ല.
6. ഒരാൾ ഒന്നിൽ കൂടുതൽ പോസ്റ്ററുകൾ അയക്കാൻ പാടില്ല.

7. ഒന്നിൽ കൂടുതൽ പോസ്റ്ററുകൾ അയക്കുന്നവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല.
8. രസതന്ത്രം, ഭൗതികശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ ശാസ്ത്ര വിഷയങ്ങളും കുട്ടികളുമായി ബന്ധപ്പെട്ടതായിരിക്കണം പോസ്റ്ററുകൾ.
9. ലഭിക്കുന്ന എൻട്രികൾ വിദഗ്ധ ജൂറി പരിശോധിച്ച് വിലയിരുത്തിയാകും സമ്മാനാർഹരെ കണ്ടെത്തുന്നത്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.
10. മത്സരത്തിനായി അയയ്ക്കുന്ന പോസ്റ്ററുകളിന്മേൽ പൂർണ്ണ ഉടമസ്ഥാവകാശം കുടുംബശ്രീക്ക് ആയിരിക്കും. മത്സരത്തിനായി അയയ്ക്കുന്ന പോസ്റ്ററുകൾ ഔദ്യോഗികമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവകാശം കുടുംബശ്രീയ്ക്കുണ്ടായിരിക്കുന്നതാണ്.
11. പോസ്റ്റർ അയച്ചു നൽകേണ്ട ഇ- മെയിൽ വിലാസം
    balasabhasm@gmail.com

## വീഡിയോ (ഹ്രസ്വ ചിത്രം) നിർമ്മാണം

1. കുടുംബശ്രീ ബാലസഭയിലെ അംഗങ്ങൾ മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കാൻ പാടുള്ളു
2. മത്സരത്തിൽ പങ്കെടുക്കുന്ന ബാലസഭാ അംഗം ഏതു സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബാലസഭയിലെ അംഗമാണെന്ന്, അയക്കുന്ന മെയിലിന്റെ സബ്ജെക്ടിൽ താഴെ പറയും വിധം എഴുതേണ്ടതാണ്
   **പേര്, ഫോൺ നമ്പർ, ബാലസഭയുടെ പേര്, അഫിലിയേഷൻ നമ്പർ, സി.ഡി.എസ്സിന്റെ പേര്, ജില്ല**
3. വിഡിയോകൾ (ഹ്രസ്വ ചിത്രങ്ങൾ) ഒരു മിനിറ്റിൽ കുറയാനോ മൂന്നു മിനിറ്റിൽ കൂടാനോ പാടുള്ളതല്ല വീഡിയോകൾ (ഹ്രസ്വ ചിത്രങ്ങൾ) വാട്ടർ മാർക്ക് ചെയ്യുവാൻ പാടുള്ളതല്ല
4. ഒരു മിനിറ്റിൽ കുറവും മൂന്നു മിനിറ്റിൽ കൂടുതലും ഉള്ള വീഡിയോകൾ (ഹ്രസ്വ ചിത്രങ്ങൾ) മൽസരത്തിനു പരിഗണിക്കുന്നതല്ല
5. 2019 ഒക്ടോബർ 1 മുതൽ 15 വരെ എൻട്രികൾ അയയ്ക്കാം. ഒക്ടോബർ 15ന് വൈകുന്നേരം 5 ന് ശേഷം കിട്ടുന്ന വീഡിയോകൾ (ഹ്രസ്വ ചിത്രങ്ങൾ) എന്നിവ മത്സരത്തിന് പരിഗണിക്കുന്നതല്ല.
6. ഒരാൾ ഒന്നിൽ കൂടുതൽ വിഡിയോകൾ (ഹ്രസ്വ ചിത്രങ്ങൾ) അയയ്ക്കാൻ പാടില്ല. ഒന്നിൽ കൂടുതൽ എൻട്രികൾ അയയ്ക്കുന്നവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല.
7. രസതന്ത്രം, ഭൗതികശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ ശാസ്ത്ര വിഷയങ്ങളും കുട്ടികളുമായി ബന്ധപ്പെട്ടതായിരിക്കണം വീഡിയോകൾ (ഹ്രസ്വ ചിത്രങ്ങൾ).
8. ലഭിക്കുന്ന എൻട്രികൾ വിദഗ്ധ ജൂറി പരിശോധിച്ച് വിലയിരുത്തിയാകും സമ്മാനാർഹരെ കണ്ടെത്തുന്നത്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.
9. മത്സരത്തിനായി അയയ്ക്കുന്ന വീഡിയോകളിന്മേൽ (ഹ്രസ്വ ചിത്രങ്ങൾ) പൂർണ്ണ ഉടമസ്ഥാവകാശം കുടുംബശ്രീക്കായിരിക്കും. മത്സരത്തിനായി അയയ്ക്കുന്ന വീഡിയോകൾ ഔദ്യോഗികമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവകാശം കുടുംബശ്രീയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

10. വീഡിയോകൾ (ഹ്രസ്വ ചിത്രങ്ങൾ) നിർമിക്കുന്നവർ തന്നെ കുടുംബശ്രീ സംസ്ഥാന മിഷന്റെ ഒഫീഷ്യൽ ഫേസ്ബുക് പേജായ https://www.facebook.com/KudumbashreeOfficial/ പേജിൽ പോസ്റ്റ് ചെയ്യേണ്ടതും തങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുമാണ്.ഇതിനുള്ള സൗകര്യം കുടുംബശ്രീയുടെ ഒഫീഷ്യൽഫേസ്ബുക്പേജിൽ ഒരുക്കിയിട്ടുണ്ട്. വീഡിയോക്ക് ലഭിക്കുന്ന ലൈക്കുകളും ഷെയറുകളും മത്സര വിധി നിർണയത്തിന് പരിഗണിക്കുന്നതാണ്. ഫേസ്ബുക് പേജിൽ പോസ്റ്റ് ചെയ്യുന്ന വീഡിയോകൾ കുടുംബശ്രീ ബാലസഭയുടെ താഴെ കൊടുത്തിരിക്കുന്ന മെയിലിലേക്കും അയക്കേണ്ടതാണ്.
11. വീഡിയോ(ഹ്രസ്വ ചിത്രങ്ങൾ) അയച്ചു നൽകേണ്ട ഇ- മെയിൽ വിലാസം balasabhasm@gmail.com

പ്രോഗ്രാം ഓഫീസർ (എസ്.ഡി)
കുടുംബശ്രീ